**റൂളിംഗ്**

മി. സ്പീക്കർ: ബഹുമാനപ്പെട്ട ശ്രീ. വി. ഡി. സതീശൻ തന്നെ ക്രമപ്രശ്നം ഉന്നയിക്കുന്ന സമയത്ത് പറയുകയുണ്ടായി ഈ നിയമസഭയ്ക്ക് ഇത്തരമൊരു നിയമം നിർമ്മിക്കുന്നതിനുള്ള അവകാശത്തെ അദ്ദേഹം ചോദ്യം ചെയ്യുന്നില്ലെന്ന്. എന്നാൽ പാർലമെന്റ് പാസ്സാക്കിയ നിയമത്തിന്റെ പശ്ചാത്തലത്തിൽ ഇത് ആവശ്യമാണോയെന്ന പ്രശ്നമാണ് അദ്ദേഹം ഉന്നയിച്ചത്. സംസ്ഥാനത്തിന്റെ സഹജമായ ചില കാര്യങ്ങൾ കൂടി ഈ ബില്ലിൽ ഉൾപ്പെടുത്താൻ ആഗ്രഹിക്കുന്നുവെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ മറുപടി പറഞ്ഞു. അതുകൊണ്ട് നിയമനിർമ്മാണം നടത്തുന്നതിൽ അപാകതയില്ലെന്നാണ് ഇവിടെ വിശദീകരിച്ചത്. മാത്രവുമല്ല ഭരണഘടനാ പരമായ തടസ്സങ്ങളൊന്നും ഇക്കാര്യത്തിലില്ലെന്നും വ്യക്തമാണ്. ഈ സാഹചര്യത്തിൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.